നമ്പർ ഡി5/6000/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി 23/06/2017

## സർക്കുലർ നമ്പർ -7

വിഷയം-പൊതുവിദ്യാഭ്യാസം- ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകൻ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികകളിലേക്ക് 2017-18 അദ്ധ്യയന വർഷത്തേയ്ക്കുള്ള സ്ഥലംമാറ്റം - ഹയർ ഓപ്ഷൻ അനുവദിക്കുന്നത്-സംബന്ധിച്ച്

സൂചന- 1) ഈ ഓഫീസിലെ 24.05.2017 ലെ ഇതേ നമ്പർ ഉത്തരവ്
2) ഈ ഓഫീസിലെ 28.03.2017, 05.05.2017 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിലേക്കുള്ള 2017-18 വർഷത്തെ പൊതുസ്ഥലമാറ്റ ഉത്തരവ് സൂചന (1) പ്രകാരം പുറപ്പെടുവിച്ചിരിക്കുന്നു. 2017-2018 അദ്ധ്യയന വർഷത്തിൽ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചവരിൽ ഒന്നാം ഓപ്ഷൻ ലഭിച്ചവർ ഒഴികെ മറ്റുള്ളവർക്ക് ഹയർ ഓപ്ഷൻ അനുവദിക്കുന്നു. ഹയർ ഓപ്ഷൻ ലഭിക്കുന്നതിന് താൽപര്യമുള്ളവർ അവരുടെ യൂസർനെെം, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് www.transferandpostings.in ൽ 'യെസ് ബട്ടൺ' അമർത്തേണ്ടതാണ്. നിലവിലുള്ള ഒഴിവുകൾ വെബ്സൈറ്റിൽ പരിശോധിക്കാവുന്നതാണ്. നിലവിൽ നൽകിയ ഓപ്ഷനുകളിൽ ഒരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല. 03.07.2017 തീയതി വൈകുന്നേരം 5 മണി വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലെ ഒഴിവുകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ 27.06.2017 തീയതിക്ക് മുൻപായി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഒഴിവുകൾ അപ്‌ലോഡ് ചെയ്യുമ്പോൾ കൃത്യത ഉറപ്പാക്കേണ്ടതാണ്.

E-mail Id:dpidsection@gmail.com

ഫോൺ നമ്പർ:0471 2580512

ഒപ്പ്/-
കെ.വി മോഹൻകുമാർ ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (ടി സർക്കുലർ എല്ലാ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ജോലി ചെയ്യുന്ന താങ്കളുടെ അധികാര പരിധിയിലുള്ള എല്ലാ അദ്ധ്യാപകർക്കും നൽകേണ്ടതാണ്.)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)